**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 689** **02-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സ്ഥാപിക്കുമ്പോൾ പ്രീപെയ്ഡ്, പോസ്റ്റ് പെയ്ഡ് എന്നീ രണ്ടുതരം മീറ്ററുകൾ സ്ഥാപിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം അറിയിക്കുമോ; | (എ) | കേന്ദ്ര ഊർജ്ജവകുപ്പ് നവീകൃത വിതരണമേഖല പദ്ധതിയുമായി (ആർ.ഡി.എസ്.എസ്) ബന്ധപ്പെട്ട് 20.07.2021 ൽ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പ്രകാരം, എല്ലാ ഉപഭോക്താക്കൾക്കും നിലവിലുള്ള ഇലക്ട്രിസിറ്റി മീറ്റർ മാറ്റി, പ്രീ പേയ്മെന്റ് സംവിധാനത്തോടു കൂടിയ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം രാജ്യത്ത് ഇപ്പോൾ നിലനിൽക്കുന്ന മീറ്റർ ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമാണ്.<br><br>സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി 19.08.2021 ൽ പുറപ്പെടുവിച്ചിട്ടുള്ള മീറ്ററുകളുടെ ഇൻസ്റ്റലേഷനും പ്രവർത്തനവും (ഭേദഗതി) ചട്ടങ്ങൾ 2021 പ്രസിദ്ധീകരിച്ച ഗസറ്റ് നമ്പർ CG-DL-E-19082021-229126 പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനു ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ RDSS പദ്ധതിയുടെ ഭാഗമായി പ്രീപെയ്മെന്റ് സംവിധാനത്തോടു കൂടിയുള്ള സ്മാർട്ട് മീറ്ററുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. സ്മാർട്ട് മീറ്ററുകൾ ആവശ്യാനുസരണം പ്രീപെയ്ഡ്, പോസ്റ്റ് പെയ്ഡ് മോഡിലേക്ക് പ്രോഗ്രാം ചെയ്ത് മാറ്റാൻ കഴിയുന്നതാണ്. |
| (ബി) | സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന വൈദ്യുതി ചാർജ് വർദ്ധനവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിനും കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ വിശദമായി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ